No.10/2019

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധ സഭയുടെ ക്രിസ്തീയ സാക്ഷ്യത്തിന്റെ അർത്ഥപൂർണ്ണമായ ആവിഷ്കാരമാണ് അതിന്റെ ആതുരസേവന പ്രവർത്തനങ്ങൾ. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് കുഷ്ഠരോഗികൾക്കും, എയ്ഡ്സ് രോഗികൾക്കും അവരുടെ മക്കൾക്കുംവേണ്ടി നടത്തപ്പെടുന്ന സ്ഥാപനങ്ങൾ. ആന്ധ്രയിലെ യാച്ചാരം, പുനെയിലെ ദേഹുറോഡ്, ബാംഗ്ലൂരിലെ കുണിഗൽ, ഇറ്റാർസി തുടങ്ങിയ സ്ഥലങ്ങളിലുള്ള ബാലഗ്രാമുകൾ അനുഗ്രഹകരമായി നടത്തപ്പെടുന്നതിൽ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രകാശഗോപുരങ്ങളായി വളർന്നുകൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനങ്ങളുടെ തുടർന്നുള്ള വളർച്ചയ്ക്കും വികസനത്തിനുമായി നാമേവരും പ്രാർത്ഥിക്കണം.

കുഷ്ഠരോഗികളുടെ നൂറ്റിപ്പത്തോളം കുഞ്ഞുങ്ങൾ ഒന്നാം ക്ലാസുമുതൽ എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്. വരെയുള്ള കോഴ്സുകളിലായി യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിൽ പഠിക്കുന്നു. പഠനം കഴിഞ്ഞ കുഞ്ഞുങ്ങൾ വിവിധ നിലകളിൽ ജോലി ചെയ്യുന്നു. മറ്റു സ്ഥാപനങ്ങളിലെല്ലാം കൂടി ഇരുന്നൂറിലധികം കുഞ്ഞുങ്ങൾ താമസിച്ച് പഠനം നടത്തുന്നുണ്ട്. യാച്ചാരത്തെ കണ്ണാശുപത്രിയും വൃദ്ധഭവനവും സമീപഗ്രാമവാസികൾക്കെല്ലാം വളരെ അനുഗ്രഹമായി പ്രവർത്തിച്ചുവരുന്നു. ബാംഗ്ലൂരിനടുത്തുള്ള കുണിഗലിലുള്ള എയ്ഡ്സ് രോഗികൾക്കായുള്ള സെന്റ് ഗ്രീഗോറിയോസ് പാലിയേറ്റീവ് കെയർ സെന്ററിൽ നൂറോളം എയ്ഡ്സ് രോഗികളെ പരിപാലിക്കുന്നു. യാച്ചാരത്ത് പുതുതായി ആരംഭിച്ച സ്കൂൾ കെട്ടിടത്തിന്റെ കൂദാശ 2019 മാർച്ച് 10-ാം തീയതി ചൊവ്വാഴ്ച നടത്തുവാൻ ദൈവത്തിൽ പ്രത്യാശിക്കുന്നു.

ഈ വർഷത്തെ ‘ഗർബ്ബോ ഞായറാഴ്ച’ മാർച്ച് 10-ാം തീയതിയാണല്ലോ. ലോകമെങ്ങുമുള്ള കുഷ്ഠരോഗികൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും, പ്രത്യേകിച്ച് സഭവകയായി അവർക്കും അവരുടെ കുഞ്ഞുങ്ങൾക്കായും നടത്തപ്പെടുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും അവയുടെ പ്രവർത്തകർക്കുവേണ്ടിയും, പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നത്തെ കാണിക്കയും പ്രത്യേക സംഭാവനകളും The Director, St. Gregorios Balagram, Yacharam P.O, (via) Ibrahim Pattanam, R. R. District, Thelangana എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും വേണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2019 ജനുവരി മാസം 18-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.